# الامتحان العام في المدارس الدينية ٢٠٢٣ - ٢٤ م
## تحت هيئة التربية والتعليم لندوة المجاهدين بكيرالا

الصف: العاشر | المادة: الدروس الاجتماعية | المدة: ساعتان | العلامات: ٨٠

**I യോജിപ്പിച്ച് എഴുതാം** 5

| | |
|---|---|
| مَنْ دَلَّ عَلَى خَيْرٍ | فَإِنَّمَا إِثْمُهُ عَلَى الَّذِينَ يُبَدِّلُونَهُ |
| اللَّهُمَّ إِنِّي أَعُوذُ بِكَ | فَلَهُ مِثْلُ أَجْرِ فَاعِلِهِ |
| فَمَنْ بَدَّلَهُ بَعْدَمَا سَمِعَهُ | وَالْإِحْسَانِ وَإِيتَاءِ ذِي الْقُرْبَى |
| مَنِ ابْتَاعَ طَعَامًا | مِنَ الْكَسَلِ وَالْهَرَمِ وَالْمَأْثَمِ وَالْمَغْرَمِ |
| إِنَّ اللهَ يَأْمُرُ بِالْعَدْلِ | فَلَا يَبِيعُهُ حَتَّى يَسْتَوْفِيَهُ |

**II വിട്ടഭാഗം പൂർത്തിയാക്കാം** 5

فَلَا تَمُوتُنَّ    لِأَمَانَاتِهِمْ    بِدَيْنٍ    هُنَّ    يَدْعُونَ

١) وَلْتَكُنْ مِنْكُمْ أُمَّةٌ ......... إِلَى الْخَيْرِ

٢) إِذَا تَدَايَنْتُمْ .......... إِلَى أَجَلٍ مُسَمًّى فَاكْتُبُوهُ

٣) ............ إِلَّا وَأَنْتُمْ مُسْلِمُون

٤) وَالَّذِينَ هُمْ .......... وَعَهْدِهِمْ رَاعُون

٥) ......... لِبَاسٌ لَكُمْ وَأَنْتُمْ لِبَاسٌ لَهُنَّ.

**III ഒറ്റവാക്കിൽ ഉത്തരമെഴുതാം** 10

1. നിലനിൽക്കുന്ന സ്വദക്വക്ക് അറബിയിൽ പറയുന്ന പേര്?
2. കടമിടപാട് നടത്തുമ്പോൾ നിർബന്ധമായും ചെയ്യേണ്ട കാര്യം എന്താണ്?
3. വാക്കാലുള്ള വസ്വിയ്യത്തിനും എഴുതിവെക്കുന്ന വസ്വിയത്തിനും നിർബന്ധമായും ഉണ്ടായിരിക്കേണ്ട ഒരു നിബന്ധന?
4. വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾക്ക് ന്യായപ്രകാരം നൽകണമെന്ന് ക്വുർആൻ വ്യക്തമാക്കിയ ആനുകൂല്യത്തിന്റെ പേര്?
5. വിവാഹസമയത്ത് വരാൻ വധുവിന് നൽകേണ്ട വിവാഹമൂല്യത്തിന് പറയുന്ന പേര്?

**IV താഴെ കൊടുത്തവയിൽ നിന്നും ഒരു മുസ്‌ലിമിന്റെ സാമൂഹിക ജീവിതത്തിലെ ബാധ്യതകൾ എടുത്ത് എഴുതാം.** 10

1. ജനങ്ങളെ നന്മയിലേക്ക് ക്ഷണിക്കുക.
2. മറ്റുള്ളവർ ചെയ്യുന്ന തിന്മകൾ കണ്ടില്ലെന്നു വയ്ക്കുക.
3. പരസ്പരം നന്മയും ക്ഷമയും ഉപദേശിക്കുക.
4. പരസ്പരം പോരടിക്കുന്നവർക്കിടയിൽ രഞ്ജിപ്പ് ഉണ്ടാക്കുക.
5. മറ്റുള്ളവരുടെ പിഴവുകൾ പരസ്യപ്പെടുത്തുക.
6. അല്ലാഹുവിന്റെ പരീക്ഷണത്തെ ഭയപ്പെടുക. സമൂഹത്തെ അത് സംബന്ധമായി ബോധവൽക്കരിക്കുക.

7. ഒരു വ്യക്തിക്ക് തന്റെ സ്വത്തിൽ എത്ര വേണമെങ്കിലും ഇഷ്ടപ്പെട്ടവർക്ക് വസ്വിയ്യത്ത് ചെയ്യാവുന്നതാണ്.

8. സാമ്പത്തിക ഇടപാടുകളിൽ സത്യസന്ധതയും നീതിയും പുലർത്തുക.

## V പ്രസ്താവനകളോട് യോജിച്ച ആയത്തുകളും ഹദീഥുകളും എടുത്ത് എഴുതാം 10

1. അമാനത്തുകളും കരാറുകളും പാലിക്കുന്നവരാണ് വിശ്വാസികൾ.
2. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു അറിയുന്നു.
3. അല്ലാഹുവിന്റെ വേണ്ടി ഞങ്ങൾ ഏറ്റെടുത്ത സത്യം മറച്ചുവെക്കുകയില്ല. അങ്ങനെ ചെയ്താൽ തീർച്ചയായും ഞങ്ങൾ കുറ്റക്കാരിൽ പെട്ടവരാകും.
4. നിന്നെ ബാധിച്ച വിഷയങ്ങളിൽ ക്ഷമിക്കുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രേ അത്.
5. നിങ്ങൾ വ്യഭിചാരത്തെ സമീപിക്കരുത്. തീർച്ചയായും അത് നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു.

- وَاصْبِرْ عَلَى مَا أَصَابَكَ إِنَّ ذَٰلِكَ مِنْ عَزْمِ الْأُمُورِ
- وَلَا تَقْرَبُوا الزِّنَا إِنَّهُ كَانَ فَاحِشَةً وَسَاءَ سَبِيلًا
- إِنَّ اللهَ يَعْلَمُ مَا تَفْعَلُونَ
- وَلَا تَكْتُمُوا شَهَادَةَ اللهِ إِنَّا إِذًا لَمِنَ الْآثِمِينَ
- وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ

## VI വചനങ്ങളോട് യോജിക്കുന്ന ആശയങ്ങൾ എടുത്തെഴുതാം 10

١) وَإِنْ طَائِفَتَانِ مِنَ الْمُؤْمِنِينَ اقْتَتَلُوا فَأَصْلِحُوا بَيْنَهُمَا

٢) قَالُوا نَعْبُدُ إِلَٰهَكَ وَإِلَٰهَ آبَائِكَ إِبْرَاهِيمَ وَإِسْمَاعِيلَ وَإِسْحَاقَ إِلَٰهًا وَاحِدًا

٣) فَمَنْ خَافَ مِنْ مُوصٍ جَنَفًا أَوْ إِثْمًا فَأَصْلَحَ بَيْنَهُمْ فَلَا إِثْمَ عَلَيْهِ إِنَّ اللهَ غَفُورٌ رَحِيم

٤) وَمَنْ يَتَعَدَّ حُدُودَ اللهِ فَأُولَٰئِكَ هُمُ الظَّالِمُون

٥) قُولُوا لِلنَّاسِ حُسْنًا

- അവർ പറഞ്ഞു: താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാക്വിന്റെയും ആരാധ്യനായ ഏകദൈവത്തെ മാത്രം ഞങ്ങൾ ആരാധിക്കും.
- നിങ്ങൾ മനുഷ്യരോട് നല്ലത് പറയുക.
- സത്യവിശ്വാസികളിൽ നിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ അവർക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക.
- അല്ലാഹുവിന്റെ നിയമപരിധികൾ ലംഘിക്കുന്നവർ തന്നെയാകുന്നു അക്രമികൾ.
- വസ്വിയ്യത്ത് ചെയ്ത ആളുടെ പക്കൽ നിന്ന് അനീതിയോ കുറ്റമോ സംഭവിച്ചതായി ആശങ്കയുണ്ടായാൽ വസ്വിയ്യത്ത് മുഖേന സ്വത്ത് ലഭിക്കേണ്ടവർക്കിടയിൽ സാക്ഷികൾക്ക് യോജിപ്പ് ഉണ്ടാക്കാവുന്നതാണ്.

| | | |
|---|---|---|
| **VII** | കടമിടപാടുമായി ബന്ധപ്പെട്ട് നബി ﷺ നൽകിയ താഴെ പറയുന്ന ഉപദേശം അടിസ്ഥാനമാക്കി മേൽ വിഷയത്തിലെ ഇസ്‌ലാമിക നിർദേശങ്ങൾ വ്യക്തമാക്കാം.<br><br>مَنْ أَخَذَ أَموَالَ النَّاسِ يُرِيدُ أَدَاءَهَا أَدَّى اللهُ عَنْهُ | 5 |
| **VIII** | താഴെയുള്ള ആയത്തിന്റെ ആശയം വ്യക്തമാക്കി കരാർ പാലനത്തെ സംബന്ധിച്ച ഇസ്‌ലാമിക നിർദേശങ്ങൾ വിശദീകരിക്കാം.<br><br>وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُون. | 5 |
| **IX** | താഴെയുള്ള ആയത്തിന്റെ വെളിച്ചത്തിൽ കുടുംബ ബന്ധത്തിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യം വിശദീകരിക്കാം<br><br>إِنَّ ٱللَّهَ يَأۡمُرُ بِٱلۡعَدۡلِ وَٱلۡإِحۡسَٰنِ وَإِيتَآيِٕ ذِى ٱلۡقُرۡبَىٰ وَيَنۡهَىٰ عَنِ ٱلۡفَحۡشَآءِ وَٱلۡمُنكَرِ<br>وَٱلۡبَغۡيِۚ يَعِظُكُمۡ لَعَلَّكُمۡ تَذَكَّرُونَ | 5 |
| **X** | താഴെയുള്ള നബിവചനത്തെ അടിസ്ഥാനമാക്കി ജീവിതം എങ്ങനെ സുഖകരമാക്കാം എന്ന് വ്യക്തമാക്കാം<br><br>لَا تَحْقِرَنَّ مِنَ الْمَعْرُوفِ شَيْئًا وَلَوْ أَنْ تَلْقَى أَخَاكَ بِوَجْهٍ طَلِقٍ | 5 |
| **XI** | നമ്മുടെ പ്രദേശങ്ങളിലെല്ലാം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർധിച്ചുവരുന്നു. ഇത് തടയാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? | 5 |
| **XII** | ഭാര്യാ ഭർത്താക്കന്മാർക്കിടയിൽ പ്രശ്നങ്ങളുണ്ടായാൽ അവ പരിഹരിക്കാൻ ഇസ്‌ലാം നൽകുന്ന മാർഗനിർദേശങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാം. | 5 |